"ഭരണഭാഷ-മാതൃഭാഷ"

ഐസി3-9088/2023

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി- 23.05.2024

നോട്ടീസ്

വിഷയം:- ജലസേചനം-ജീവനക്കാര്യം-ശ്രീമതി.അനീസ.എസ്, ക്ലാർക്ക്-01.01.2021 മുതൽ 31.12.2022 വരെയുള്ള ക്ലാർക്കുമാരുടെ അന്തിമ മുൻഗണനാ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നത്-സംബന്ധിച്ച്

സൂചന:- 1) 16.12.2023 തീയതിയിലെ ഈ കാര്യാലയത്തിലെ ഐസി3-8184/2023 നമ്പർ ഉത്തരവ്
2) 31.01.2024 തീയതിയിൽ ശ്രീമതി.അനീസ.എസ്, ക്ലാർക്ക് സമർപ്പിച്ച അപേക്ഷ
3) 04.05.2024 തീയതിയിലെ സർക്കാർ കത്ത് നമ്പർ എ2-92/2024/ജ.വി.വ

സൂചന(1) പ്രകാരം പ്രസിദ്ധീകരിച്ച 01.01.2021 മുതൽ 31.12.2022 വരെയുള്ള ക്ലാർക്കുമാരുടെ അന്തിമ മുൻഗണനാ പട്ടികയിൽ ശ്രീമതി.അനീസ.എസ്, ക്ലാർക്കിന്റെ പേര് ഉൾപ്പെടുത്തുന്നതിന് സൂചന (2) പ്രകാരം അപേക്ഷ ടിയാരി സമർപ്പിച്ചിട്ടുണ്ട്. സൂചന (3) കത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷയും, അനുബന്ധരേഖകളും പരിശോധിച്ചതിൽ നിന്നും ആയത് പരിഗണിക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

23.06.2021 തീയതിയിലെ തിരുവനന്തപുരം, ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസറുടെ ഡി.റ്റി.ബി(1)1538/2017 നമ്പർ നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ 27.07.2021 തീയതിയിലെ ഈ കാര്യാലയത്തിലെ ബി3-42806/2019 നമ്പർ ഉത്തരവ് പ്രകാരം എൽ.ഡി.ക്ലാർക്കായി ശ്രീമതി.അനീസ.എസ് 02.08.2021 പൂർവ്വാഹ്നത്തിൽ സേവനത്തിൽ പ്രവേശിച്ചു. സൂചന(1) അന്തിമ മുൻഗണനാ പട്ടികയിൽ ക്രമ നമ്പർ 20 ആയ ശ്രീമതി.ഡിസ്ന ജൂഡ്-നും ക്രമ നമ്പർ 21 ആയ ശ്രീമതി പ്രിയ.എം -നും മദ്ധ്യേ ക്രമ നമ്പർ 20 (A) ആയി പേര് ഉൾപ്പെടുത്തി ഉത്തരവാകാവുന്നതാണ്.

ഇതിന്മേൽ പരാതിയോ, ആക്ഷേപമോ ഉള്ളവർ വസ്തുത തെളിയിക്കുവാൻ മേലധികാരി സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ഈ നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഈ

കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. ടി തീയതിയ്ക്കുള്ളിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചില്ലായെങ്കിൽ ശ്രീമതി.അനീസ.എസ് -ടെ പേര് പ്രസ്തുത മുൻഗണനാ പട്ടികയിൽ ക്രമ നമ്പർ 20 (A) ആയി ഉൾപ്പെടുത്തുന്നതാണ്.

ചീഫ് എഞ്ചിനീയർക്കുവേണ്ടി
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

പകർപ്പ്

1. ശ്രീമതി.അനീസ.എസ്, ക്ലാർക്ക്
   (ഓഫീസ് മേലധികാരി മുഖേന)
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ
   സബ് ഡിവിഷൻ, തിരുവനന്തപുരം
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ടി സെൽ, ഇറിഗേഷൻ (നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. കരുതൽ/അധികം